# ആമുഖം

പ്രിയപ്പെട്ട കണിച്ചാർ ഗ്രാമപഞ്ചായത്തിലെ സഹപൗരന്മാരേ,

പ്രസിഡന്റ് ഡോ.ത്രേസ്യ പോൾ, വൈസ് പ്രസിഡന്റ് ശ്രീ. ചാക്കോ തയ്ക്കുന്നേൽ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൻമാർ ശ്രീമതി ലാലി ജോസ്, ശ്രീ.വിനോയ് ജോർജ്, ശ്രീമതി സിന്ധു ചിറ്റേരി, ജനപ്രതിനിധികൾ, സെക്രട്ടറി ശ്രീ.സന്തോഷ് കെ. ജി, ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, സന്നിഹിതരായ എല്ലാ സഹോദരങ്ങളെ,

കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് ഇന്ന് ഈ സഭയിൽ അവതരിപ്പിക്കുന്നത് വലിയ ഉത്തരവാദിത്വത്തോടെയും അഭിമാനത്തോടെയുമാണ്. ജനങ്ങളുടെ പ്രതീക്ഷകൾക്കും നമ്മുടെ വികസന സ്വപ്നങ്ങൾക്കും യോജിച്ച, സമഗ്രവും ദീർഘദർശനപരവുമായ ഒരു ബഡ്ജറ്റാണ് ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

## 1. വികസന ദർശനം

ഈ വർഷത്തെ ബഡ്ജറ്റിന്റെ മുഖ്യ ലക്ഷ്യങ്ങൾ: അടിസ്ഥാന സൗകര്യങ്ങളുടെ ശക്തിപ്പെടുത്തൽ, ആരോഗ്യ മേഖലയിലെ സുസ്ഥിര വികസനം, ദാരിദ്ര്യനിവാരണവും, സാമൂഹ്യനീതിയും സ്ത്രീശാക്തീകരണവും, യുവജന വികസനവും, കാർഷികവും പ്രകൃതി സംരക്ഷണവും, ഡിജിറ്റൽ ഭരണവും സുതാര്യതയും "സമഗ്ര വികസനം - സമതുലിത മുന്നേറ്റം" എന്ന ദർശനത്തോടെയാണ് ഈ ബഡ്ജറ്റ് രൂപകൽപ്പന ചെയ്തത്.

## 2. സാമ്പത്തിക അവലോകനം

കഴിഞ്ഞ വർഷം പഞ്ചായത്തിന് ലഭിച്ച വരുമാനവും ചെലവുകളും ശാസ്ത്രീയമായി വിലയിരുത്തിയാണ് ഈ വർഷത്തെ പദ്ധതികൾ തയ്യാറാക്കിയത്. സംസ്ഥാന-കേന്ദ്ര ഫണ്ടുകൾ, പദ്ധതി വിഹിതങ്ങൾ, സ്വവരുമാനം എന്നിവ പരമാവധി പ്രയോജനപ്പെടുത്തിയാണ് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. സാമ്പത്തിക കൃത്യതയും സുതാര്യതയും ഉറപ്പാക്കുന്നതിനായി ഡിജിറ്റൽ അക്കൗണ്ടിംഗ് സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും.

## 3. മേഖലാവിഭാഗങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ

(a) അടിസ്ഥാന സൗകര്യ വികസനം ഗ്രാമീണ റോഡുകളുടെ നവീകരണം കുടിവെള്ള പദ്ധതികളുടെ വിപുലീകരണം വൈദ്യുതി, ലൈറ്റിംഗ് സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ പൊതുസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ

(b) കാർഷികവും പരിസ്ഥിതി സംരക്ഷണവും ജൈവകൃഷിക്ക് പ്രോത്സാഹനം ചെറുകിട കർഷകർക്ക് സബ്സിഡി പദ്ധതികൾ ജലസംരക്ഷണ പ്രവർത്തനങ്ങൾ മാലിന്യസംസ്കരണ സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ

(c) സ്ത്രീ-ശിശു വികസനം സ്വയം സഹായ സംഘങ്ങൾക്ക് സഹായധനം പോഷകാഹാര പദ്ധതികൾ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പിന്തുണ വനിതാ സംരംഭകർക്കുള്ള പരിശീലനവും വായ്പാസഹായവും

(d) ആരോഗ്യവും സാമൂഹ്യ ക്ഷേമവും ആരോഗ്യകേന്ദ്രങ്ങളുടെ സൗകര്യവർധന വയോജനക്ഷേമ പദ്ധതികൾ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ പാലിയേറ്റീവ് പരിചരണ സേവനങ്ങളുടെ വികസനം

(e) യുവജന-കായിക വികസനം കളിസ്ഥല വികസനം യുവജന ക്ലബുകൾക്ക് പിന്തുണ നൈപുണ്യ വികസന പരിശീലനങ്ങൾ

## 4. സാമൂഹ്യ നീതിയും ഉൾക്കൊള്ളലും

എല്ലാവർക്കും തുല്യ അവസരവും അടിസ്ഥാന സൗകര്യവും ഉറപ്പാക്കുക എന്നതാണ് നമ്മുടെ പ്രതിജ്ഞ. പിന്നാക്ക വിഭാഗങ്ങൾക്കും അർഹരായ എല്ലാവർക്കും സർക്കാർ പദ്ധതികളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ പ്രത്യേക ശ്രദ്ധ നൽകും.

## 5. സമാപനം

ഈ ബഡ്ജറ്റ് ഒരു അക്കൗണ്ടിംഗ് രേഖ മാത്രമല്ല; അത് കണിച്ചാറിന്റെ സമഗ്ര വികസനത്തിനുള്ള ദിശാബോധമാണ്. ജനങ്ങളുടെ സജീവ പങ്കാളിത്തം കൂടിയാൽ മാത്രമേ നമ്മുടെ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാകൂ. സഹകരണവും ഐക്യവും വിശ്വാസവും കൊണ്ട് മുന്നോട്ട് പോകാം. നമ്മുടെ കണിച്ചാർ കൂടുതൽ വികസിതവും സമൃദ്ധവുമായ ഒരു ഗ്രാമമായി മാറട്ടെ. ധന്യവാദങ്ങൾ.

# കാഴ്പ്പാട് – ഊന്നൽ

## കാർഷികമേഖല

വന്യമൃഗ ശല്യം,കാലാവസ്ഥാ വ്യതിയാനം, കാർഷിക വിളകളുടെ വിലത്തകർച്ച എന്നിവ കാർഷിക മേഖലയിൽ വലിയ പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. ജൈവകൃഷി പ്രാൽസാഹിപ്പിക്കുന്നതിനും പച്ചക്കറിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നടപടി ബജറ്റിൽ സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷി, തെങ്ങ്കൃഷി, വാഴകൃഷി എന്നിവക്കും പരിരണന നൽകിയിട്ടുണ്ട്. കാർഷിക മേഖലക്ക് 2620667 രൂപ ഉൽപ്പാദന മേഖലയ്ക്ക് 7189217 രൂപ ഈബജറ്റിൽ വകയിരുത്തുന്നു.

## മൃഗസംരക്ഷണം

പശു, കോഴി എന്നിവയെ വളർത്തി ഉപജീവനം നടത്തുന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട് പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ തുടർന്നും ഏറ്റെടുക്കുന്നതാണ്. മൃഗ സംരക്ഷണ മേഖലക്ക് ആകെ 3430000 രൂപ വകയിരുത്തുന്നു.

## സദ്ഭരണം

നമ്മുടെ പഞ്ചായത്ത് ഐ.എസ്.ഒ നിലവാരം കൈവരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലൂടെയും ഘടക സ്ഥാപനങ്ങളിലൂടെയും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായും, വർദ്ധിച്ച ഗുണത്തമൻമയിലും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. കെ സമാർട്ട് സോഫ്റ്റ് വെയർവഴി സമയബന്ധിതമായി ജനങ്ങൾക്ക് സേവനങ്ങൾലഭ്യമാക്കുന്നുണ്ട് ഘടക സ്ഥാപനങ്ങളെയും ഐ.എസ്.ഒ നിലവാരത്തിലേക്ക് ഘട്ടം ഘട്ടമായി ഉയർത്തുക എന്ന നമ്മുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന്എല്ലാ ഘടകസ്ഥാപനങ്ങളിലും സേവന പ്രദാനമായ സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ തുക ഈ ബജറ്റിൽ വകയിരിത്തുയിട്ടുണ്ട്. 7302000 രൂപ വകയിരുത്തുന്നു.

## സ്വയം തൊഴിൽ സംരംഭം

പ്രാദേശിക സാമ്പത്തിക വികസനത്തിന് മുന്തിയ പരിഗണന നൽകുന്നതിന്റെ

ഭാഗമായി സ്വയം തൊഴിൽ മേഖലയ്ക്ക് 1400000 രുപ വകയിരുത്തുന്നു.

## വനിതാ വികസനം

സത്രീ പദവി ഉയർത്തുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷികരിച്ചിട്ടുണ്ട്.ജെന്റർ റിസോഴ്സ് സെന്റർ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി വിമൺ ഫെസിലിറ്റേറ്ററെ നിയമിച്ച് സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്തി വരുന്നുണ്ട്. വനിതകളുടെ തൊഴിൽ സംരഭങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. വനിതകൾക്കായി ഫിറ്റനെസ് സെന്റർ ആരംഭിച്ചു.ആരോഗ്യമുള്ള സമൂഹസൃഷ്ടിക്കായുള്ള പുതിയൊരു ചുവട് വെയ്പാണിത്. ജെന്റർ ബജറ്റ് പ്രത്യേകം ചേർത്തിട്ടുണ്ട്. വനിത വികസനത്തിനായി 2445300 രുപ വകയിരുത്തുന്നു.

## കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിനുള്ള ചെറുതും വലുതുമായ തൊഴിൽ സംരംഭങ്ങൾ, പങ്കാളിത്ത കൃഷി, വിപണന കേന്ദ്രം തുടങ്ങിയവയിലൂടെ സ്ത്രീകളുടെ വരുമാന വർദ്ധനവിനും പദവി ഉയർത്തുന്നതിനും ഉതകുന്ന വിധം കുടുംബശ്രീ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും.

## ദുരന്തനിവാരണം

നമ്മുടെ പഞ്ചായത്തിൽ മുൻവർഷങ്ങളിലുണ്ടായ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ കലാവസ്ഥാ വേതിയാനത്തെയും തൽഫലമായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുള്ള സമൂഹമാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെയുള്ള ശാസ്ത്രീയമായ ദുരന്തനിവാരണപദ്ധതിയായ ലിവിങ്ങ് ലാബ് പദ്ധതി ആരംഭിച്ചു.

## ആരോഗ്യം

പി.എച്ച്.സിയിൽ രോഗീ സൌഹൃദമായ കൂടുതൽ സൗകര്യം ഒരുക്കുന്നതിനും ഹെൽത്ത് സബ് സെന്റുകൾ വെൽനസ് സെന്റുകൾകളാക്കുന്നതിനുമുള്ള തുടർപവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. ജീവിതശൈലി രോഗങ്ങൾ

കുറക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുന്നതാണ്.കൂടാതെ ആയുർവേദ ഡിസപൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയുടെയും സേവനം കൂടുതൽമെച്ചപ്പെടുത്തുന്നതിന് പദ്ധ്തികൾ ആവിഷകരിച്ചിട്ടുണ്ട്. ആരോഗ്യ മേഖലക്ക് ആകെ 4246000 രൂപ വകയിരുത്തുന്നു.

## രോഗി പരിചരണം

പഞ്ചായത്ത് പരിധിയിലെ കിടപ്പ് രോഗികളുടെ പരിചരണത്തിനായി ആരംഭിച്ച പെയിൻ & പാലിയേറ്റിവ് പ്രവർത്തനങ്ങക്കായി 1200000 രൂപയും അരികെ പദ്ധതിക്കായി 200000 രൂപയും വകയിരുത്തുന്നു.

## വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ കൊളക്കാട് ഗവ. എൽ.പി സ്ക്കൂൾ മാത്രമാണ് ഉള്ളത് വിദ്യാഭ്യാസ മേഖലക്ക് ഈ ബജറ്റിൽ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്.

## അതിദാരിദ്ര്യ നിർമ്മാജനം

സർവ്വയിൽ കണ്ടത്തിയ അതിദാരിദ്രരുടെ വരുമാനം ആരോഗ്യ രക്ഷ ജീവനോപാധികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള സൂക്ഷ്മ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുന്നതാണ് 125000 രൂപ വകയിരുത്തുന്നു.ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലന ശേഷി പരിമിതപ്പെട്ട് അവശത അനുഭിക്കുന്നവരും സഹായത്തിന് ആരും ഇല്ലാത്ത ആളുകൾക്ക് അനിവാര്യ മായ സേനവങ്ങൾ സന്നദ്ധ സംഘടനകളുടെ കൂടി സഹായത്തോടെ വീട്ടിലെത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്.

## സാമൂഹ്യ നിതി ഉറപ്പാക്കൽ

പാർശ്വവൽക്കരിക്കപ്പെട്ടവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും, സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ ഭിന്നശേഷി ഉള്ളവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകിയുളള പദ്ധതികൾ അവിഷ്കരിച്ചിട്ടുണ്ട്. ഈ മേഖലകൾക്കായി 2375000 രൂപ വകയിരുത്തുന്നു.

## പട്ടിക ജാതി – പട്ടിക വർഗ്ഗ ക്ഷേമ

പട്ടിക ജാതി - പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി, പാർപ്പിടം, മികച്ച വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ നൈപുണ്യ വികസന പരിശീലനം തൊഴിൽ ,യാത്ര സൗകര്യം, ശുദ്ധ ജലം എന്നിവ ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി വികസനത്തിനുള്ള പദ്ധതികൾക്കായി 798000 രൂപയും പട്ടിക വർഗ്ഗ ക്ഷേമത്തിനായി 6714000 രൂപയും പ്രത്യേകമായി വകയിരുത്തുന്നു.

## ഭിന്നശേഷി സൗഹൃദ പഞ്ചായത്ത്

ഭിന്നശേഷി സൗഹൃദ പഞ്ചായത്ത് എന്ന ലക്ഷം കൈവരിക്കുന്നതിനായിയുള്ള പദ്ധതികൾ ഈ വർഷം ആവിഷ്കരിച്ചിട്ടുണ്ട് . ഇതിനായി 1500000 രൂപ വകയിരുത്തുന്നു.

## ശുചിത്വ മാലിന്യ നിർമാർജനം

ഉറവിട മാലിന്യ സംസ്കരണത്തിന് പ്രോത്സാഹനം നൽകുന്ന പദ്ധിതകൾ ബോധവൽക്കരണത്തിനായിയുള്ള പദ്ധിതകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. സീറോ വേയ്സ്റ്റ് പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ വിപൂലികരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരി ക്കുന്നതാണ് 100 % യൂസർഫീ കലക്ട് ചെയ്യുന്ന പഞ്ചായത്ത് എന്ന് നേട്ടം കൈവരിച്ചു. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൽക്കായി ഈ വർഷം 810000 രൂപ വകയിരുത്തുന്നു.

## പാർപ്പിടം

എല്ലാവർക്കും വീട് എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് നാം കൂടുതൽ മുന്നേറുകയാണ് അതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വീടെന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനായി മുന്തിയ പരിഗണന ഈ ബജറ്റിലും നൽകിയിട്ടുണ്ട്. ഭവന പദ്ധതികൾക്കായി ഈ വർഷം 7278600 രൂപ വകയിരുത്തുന്നു.

## ഗതാഗതം

പശ്ചാത്തല വികസനത്തിന് പ്രത്യേക ശ്രദ്ധ നൽകുന്നതാണ്. ഗതാഗത

മേഖലയ്ക്ക് മുന്തിയ പരിഗണന ഈ ബജറ്റിൽ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ നടപ്പാതകൾ എന്നിവ മെച്ചപ്പെട്ട രീതിയിൽ ഗതാഗത യോഗ്യമാക്കുന്നതിനും റോഡ് പുനരുദ്ധാരണത്തിനും ഡ്രൈനേജ് നിർമ്മാണത്തിനും ഈ ബജറ്റിൽ വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ആകെ 48460350 രൂപ വകയിരുത്തുന്നു.

## ടൂറിസം

കണിച്ചാറിൽ ഇക്കോ ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കാൻ കഴിയുന്ന നിരവധി പ്രദേശങ്ങൾ ഉണ്ട്. യാത്ര കൂടുതൽ ചെയ്യുന്നതിനും പ്രകൃതി രമണീയമായ ഇടങ്ങളിൽ അവധിക്കാലം ചെലവഴിക്കുന്നതിനും തൽപ്പരരായ ആളുകളുടെ എണ്ണം വർദ്ധിച്ചു വരികയാണ്.ഈ അനുകൂല സാഹചര്യത്തെ നമ്മുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സ്വകാര്യ സംരംഭകർക്ക് വലിയപങ്ക് നിർവ്വഹിക്കാൻ സാധിക്കും ആയതിന് വേണ്ട പരിശ്രമം നടത്തിവരുന്നുണ്ട്.ഇതിന്റെ ഭാഗമായി ടൂറിസം ഗ്രാമസഭ സംഘടിപ്പിച്ചിട്ടുണ്ട് ഡി പി.ആർ തയ്യാറാക്കാൻ 2,00,000 രൂപ വകയിരുത്തി

## കായികം

കായിക മേഖലയിൽ നല്ല താൽപര്യമുള്ള ജനങ്ങൾ അധിവസിക്കുന്ന പ്രദേശമാണ് കണിച്ചാർ നമ്മുടെ പഞ്ചായത്തിലെ യുവ തലമുറയുടെ കായികസ്വപനം പൂവണിയുന്നതിന് അനുയോജ്യമായ ആധുനിക സ്റ്റേഡിയം നിർമ്മിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. ആയതിന് വിവിധ സ്ഥാപനങ്ങളുടെ പൊതു നൻമ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പരിശ്രമം നടന്നുവരുന്നുണ്ട് ചാണപ്പാറ സ്റ്റേഡിയം, ചെങ്ങോം സ്റ്റേഡിയം എന്നിവക്കായി 1000000 രൂപ വകയിരുത്തി

# കണിച്ചാർ ഗ്രാമ പഞ്ചായത്ത്

## 2026 – 2027 ബജറ്റ് സംഗ്രഹം

| പ്രതീക്ഷിത വരവ് | | |
|---|---|---|
| 1 | പ്രാരംഭ ബാക്കി | 29231226 |
| 2 | നികുതി വരവ് | 17136000 |
| 3 | നികുതിയേതര വരവ് | 2606110 |
| 4 | ജനറൽ പർപ്പസ് ഫണ്ട് | 13183000 |
| 5 | പദ്ധതി വിഹിതം | 129184417 |
| 6 | സംസ്ഥാനാവിഷ്കൃത വിഹിതം | 660000 |
| 7 | മറ്റ് ഗ്രാന്റ്, ഫണ്ട് | 100973756 |
| A | ആകെ വരവ് | 263743283 |
| | ആകെ വരവും പ്രാരംഭ ബാക്കിയും | 292974509 |
| | **പ്രതീക്ഷിത ചെലവ്** | |
| 1 | ഭരണചെലവുകൾ | 863000 |
| 2 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 20285500 |
| 3 | മറ്റ് അനിവാര്യ ചെലവുകൾ | 1135000 |
| 4 | സംസ്ഥാനവിഷ്കൃത പദ്ധതി | 660000 |
| 5 | പദ്ധതി ചെലവ് | 129184417 |
| 6 | മറ്റ് ചെലവുകൾ | 139422936 |
| B | ആകെ ചെലവ് | 291550853 |
| | ആകെ തനത് ഫണ്ട് പ്രതീക്ഷിത വരവ് | 24958866 |
| | ആകെ തനത് ഫണ്ട് പ്രതീക്ഷിത ചെലവ് | 24417256 |
| | നീക്കിയിരിപ്പ് | 6,52,836 |
| | | |

# BUDGET 2026 - 27

| HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR | BUDGET FOR THE CURRENT YEAR 2025-26 | BUDGET FOR NEXT YEAR 2026-27 |
|---|---|---|---|
| Revenue Receipt - 1<br>Tax Revenues - 110 | | | 7136000 |
| Fees and User Charges - 140 | | | 2086110 |
| Sale and Hire Charges - 150 | | | 520000 |
| Revenue Grants, Contributions | | | |
| and Subsidies - 160 | | 117283000 | |
| Interest Earned - 171 | | | 300000 |
| Rental Income - LB<br>Properties - 130 | | 250000 | |
| Total Revenue Receipt | | 110478606 | 127575110 |
| Capital Receipt - 2 | | | |
| Earmarked Funds - 311 | | | 100000 |
| Grants, Contribution for | | | |
| Specific Purposes - 320 | | 129184417 | |
| Secured Loans - 330 | | | 3400000 |
| Loans, Advances and | | | |
| Deposits - 460 | | 3483756 | |
| Total Capital Receipt | | 177955879 | 136168173 |
| Revenue Expenditure - 3 | | | |
| Establishment | | | |
| Expenses - 210 | | | 20285500 |
| Administrative | | | |
| Expenses - 220 | | | 863000 |
| Operation and | | | |
| Maintenance - 230 | | | 1135000 |
| Programe Expenses - 250 | | | 45000000 |
| Expenses related to | | | |
| State Sponsored Schemes - 254 | | 104100000 | |
| Revenue Grants, Cotributions | | | |
| and Subsidies - 260 | | 100000 | |
| Total Revenue Expenditure | | 185454955 | 171483500 |
| Capital Expenditure - 4 | | | |
| Payment of Recoveries - 350 | | | 1300000 |
| Loans, Advances and Deposits - 460 | | 833756 | |
| | | | |
| | | | |

## പെർഫോമൻസ് ബജറ്റ്

| ക്രമ നം | പ്രോജക്ടിന്റെ പേര് | വിഹിതം (രൂപ) | | | ഫലം | പ്രതീക്ഷിത പരിണിത ഫലം |
|---|---|---|---|---|---|---|
| | | നോൺ പ്ലാൻ ബജറ്റ് | പ്ലാൻ ബജറ്റ് | ആകെ | | |
| 1 | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി ( വനിതകൾ) | | 1200000 | 1200000 | സാമ്പത്തിക വളർച്ച | വനിതകളുടെ ജീവിത നിലവാരം |
| 2 | തെരുവ് വിളക്കുകൾക്ക് എ.എം.സി | | 200000 | 200000 | രാത്രി യാത്ര സുരക്ഷിതമാക്കുന്നു | പഞ്ചായത്തിലെ പൊതുജനങ്ങളുടെ രാത്രി യാത്ര സുരക്ഷിതമാക്കുന്നു |
| 3 | കുടിവെള്ള വിതരണത്തിന് തുക നൽകൽ | | 450000 | 450000 | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നു | പഞ്ചായത്തിലെ ജനങ്ങൾ വേനൽക്കാലത്ത് നേരിടുന്ന കുടിവെള്ളക്ഷാമം പരിഹരിച്ച് കുടിവെള്ളം ഉറപ്പ് വരുത്തുന്നു |
| 4 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | | 1050000 | 1050000 | ക്ഷീരകർഷകരുടെ ഉൽപാദന ചെലവ് കുറക്കുന്നു | ക്ഷീരകർഷകരുടെ ഉൽപാദന ചെലവ് കുറക്കുന്നതിന് ലക്ഷ്യമിടുന്നു |
| 5 | കന്നുകുട്ടി പരിപാലനം | | 250000 | 250000 | മെച്ചപ്പെട്ട വരുമാനം | മെച്ചപ്പെട്ട വരുമാനം ലക്ഷ്യമിടുന്നു |
| 6 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് വിതരണം | | 300000 | 300000 | ശുചിത്വ സംവിധാനം ശക്തിപ്പെടുത്തുന്നു | പരിസര ശുചിത്വം ഉറപ്പു വരുത്തുന്നു |
| 7 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | 1400000 | 1400000 | വെല്ലുവിളികൾനേരിടുന്നവർക്കുള്ള വിദ്യാർത്ഥികൾക്ക് ആശ്വാസം പകരുന്നു | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള വിദ്യാർത്ഥികൾക്ക് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് |
| 8 | ലൈഫ് ഭവന പദ്ധതി - ജെനറൽ | | 3835300 | 3835300 | പാർപ്പിടം ഉറപ്പുവരുത്തുന്നു | ഭവന രഹിതരില്ലാത്ത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നു. |
| 9 | ഭിന്നശേഷിക്കാർക്ക് ഉപകരണ വിതരണ മെഡിക്കൽ ക്യാമ്പ് | | 100000 | 100000 | ഭിന്നശേഷി സൌഹൃദ പഞ്ചായത്ത് | ഭിന്നശേഷി സൌഹൃദ പഞ്ചായത്ത് ലക്ഷ്യം കൈവരിക്കുന്നു |
| 10 | വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൌകര്യവികസനം | | 647650 | 647650 | വയോജന സൌഹൃദ പഞ്ചായത്ത് | വയോജന സൌഹൃദ പഞ്ചായത്ത് ലക്ഷ്യം കൈവരിക്കുന്നു |
| 11 | അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോപ്ലാൻ- മരുന്നും ചികിത്സയും | | 25000 | 25000 | അതിദാരിദ്ര്യ നിർമ്മാജ്ജനം | അതിദാരിദ്ര്യ നിർമ്മാജ്ജനം ലക്ഷ്യമിടുന്നു |
| 12 | ഭവന പുനരുദ്ധാരണം - പട്ടികജാതി | | 448000 | 448000 | പാർപ്പിട സുരക്ഷ ഉറപ്പുവരുത്തുന്നു | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പാർപ്പിടം സുരക്ഷിതമാക്കുന്നു |
| 13 | ലൈഫ് ഭവന പദ്ധതി - എസ് ടി | | 1835300 | 1835300 | പട്ടികവർഗ്ഗ ക്ഷേമം | പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാവർക്കും പാർപ്പിടം ഉറപ്പു വരുത്തുന്നു |
| 14 | പി.എം.എ.വൈ - ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | | 500000 | 500000 | പാർപ്പിടം ഉറപ്പുവരുത്തുന്നു | ഭവന രഹിതരില്ലാത്ത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നു. |
| 15 | ചോളം ഭക്ഷണത്തിൽ ഉൾപ്പെടുത്തൽ ബോധവൽക്കരണം (അങ്കണവാടി , ഉച്ചഭക്ഷണം, പൊതുവിതരണം) | | 100000 | 100000 | ശിശുസൌഹൃദ പഞ്ചായത്ത് | ശിശുസൌഹൃദ പഞ്ചായത്ത് ലക്ഷ്യം |
| 16 | അരികെ പദ്ധതി | | 200000 | 200000 | സ്വാന്തന പരിചരണം | ആയുർവേദ മെഡിക്കൽ സൌകര്യത്തോടെ സ്വാന്തന പരിചരണം നടത്തുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 17 | പാലിയറ്റീവ് കെയർ-സമഗ്ര പാലിയറ്റീവ് കെയർ ജില്ല | | 1200000 | 1200000 | സ്വാന്തന പരിചരണം | അലോപ്പതി മെഡിക്കൽ സൌകര്യത്തോടെ സ്വാന്തന പരിചരണം നടത്തുന്നു |
| 18 | വിവിധ റോഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | | 1244000 | 1244000 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | തെരുവ് വിളക്കുകൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വിപുലീകരിക്കുന്നു |
| 19 | നെൽകൃഷി വികസനം - സംയുക്ത പദ്ധതി | | 200000 | 200000 | നെൽകൃഷി വ്യാപിക്കുന്നു | നെൽകൃഷി പ്രോൽസാഹനം നൽകുന്നു |
| 20 | കറവ പശുക്കൾക്ക് വേനൽകാല കാലിത്തീറ്റ വിതരണം | | 480000 | 480000 | ക്ഷീരകർഷകരുടെ ഉൽപാദന ചെലവ് കുറക്കുന്നു | ക്ഷീരകർഷകരുടെ ഉൽപാദന ചെലവ് കുറക്കുന്നതിന് ലക്ഷ്യമിടുന്നു |

| ജന്റർ ബജറ്റ് | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | പ്രോജക്ടിന്റെ പേര് | വിഹിതം (രൂപ) | ലിംഗാടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കൾ | | ലിംഗാടിസ്ഥാനത്തിലുള്ള ബജറ്റ് തുക | | പ്രതീക്ഷിത പരിണിത ഫലം |
| | | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | |
| 1 | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി ( വനിതകൾ) | 1200000 | | 6 | | 1200000 | വനികളുടെ സാമ്പത്തിക ഉന്നമനം |
| 2 | സ്ത്രീ സൌഹൃദ ജില്ല – സ്ത്രീപദവി പഠനത്തിന്റ തുടർ പ്രവർത്തനങ്ങൾ | 200000 | | മുഴുവൻ വനിതകൾ | | 200000 | വനികളുടെ സാമൂഹിക ഉന്നമനം |
| 3 | വനിതകൾക്ക് യോഗ പരിശീലനം | 100000 | | മുഴുവൻ വനിതകൾ | | 100000 | വനിതകൾക്ക് മാനസിക ശാരീരിക സൌഖ്യം |
| 4 | വനിതഫെസ്റ്റ് | 150000 | | മുഴുവൻ വനിതകൾ | | 150000 | വനികളുടെ സാംസ്കാരിക ഉന്നമനം |
| 5 | ജെന്റർ റിസോഴ്സ് സെന്റർ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ വേതനം നൽകൽ | 206750 | | മുഴുവൻ വനിതകൾ | | 206750 | വനികളുടെ സാമൂഹിക ഉന്നമനം |
| 6 | വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം | 588550 | | മുഴുവൻ വനിതകൾ | | 588550 | വനികളുടെ സാമ്പത്തിക ഉന്നമനം |